E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

ജി (1) 7628/2014 സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 10.11.2014

# സർക്കുലർ നമ്പർ 49/2014

വിഷയം: സഹകരണവകുപ്പ - സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർക്കുള്ള ഓണറേറിയവും ഭരണസമിതി അംഗങ്ങൾക്കുള്ള ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവയും പരിഷ്കരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നത് സംബന്ധിച്ച.

സൂചന: 1. സഹകരണ സംഘം രജിസ്ട്രാറുടെ 24.05.2013 ലെ 35/13 നമ്പർ സർക്കുലർ.
2. സഹകരണ സംഘം രജിസ്ട്രാറുടെ 07.08.2014 ലെ 39/14 നമ്പർ സർക്കുലർ.

........................

സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളുടെ പ്രസിഡന്റുമാർക്കും, വൈസ് പ്രസിഡന്റുമാർക്കുമുള്ള ഓണറേറിയവും, പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുൾപ്പെടെയുള്ള ഭരണ സമിതി അംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവയും പുതുക്കി നിശ്ചയിച്ചുകൊണ്ട് സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇതിനെ തുടർന്ന് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെയർമാൻമാരുടെ ഓണറേറിയം വർദ്ധിപ്പിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, അപ്പക്സ് സഹകരണ സ്ഥാപനങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, റബ്കോ, റെയ്ഡ്കോ, അഗ്രീൻകോ എന്നീ സ്ഥാപനങ്ങളുടെ ചെയർമാൻമാരുടെയും, വൈസ് ചെയർമാൻമാരുടെയും ഓണറേറിയം, ഭരണസമിതി അംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവ പരിഷ്കരിച്ചു കൊണ്ട് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ഇതര സഹകരണ സ്ഥാപനങ്ങളുടെയും നിരക്കുകൾ കൂടി പുതുക്കി നിശ്ചയിക്കണമെന്ന സഹകാരികളുടെ നിരന്തരമായ അപേക്ഷ കണക്കിലെടുത്തും ടി നിരക്കുകൾ പുതുക്കി നിശ്ചയിക്കേണ്ടത് ആവശ്യമാണെന്ന് കാണുന്നതിനാലും സൂചന (2) പ്രകാരം നിരക്കുകൾ പരിഷ്കരിച്ചു നൽകിയിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ഒഴികെയുള്ള സംസ്ഥാനത്തെ ഇതര സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, എന്നിവർക്കുള്ള പ്രതിമാസ ഓണറേറിയം സഹകരണ ചട്ടം 49 പ്രകാരം നിശ്ചയിച്ച് പരിഷ്കരിച്ചുകൊണ്ടും, പ്രസിഡന്റ്, വൈസ്പ്രസിഡന്റ്, ഉൾപ്പെടെയുള്ള ഭരണസമിതി അംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, സിറ്റിംഗ് ഫീസ് എന്നിവ സഹകരണ ചട്ടം 48(5) പ്രകാരം നിശ്ചയിച്ച് പരിഷ്കരിച്ചുകൊണ്ടും ഉത്തരവാകുന്നു.

*പരിഷ്കരിച്ച നിരക്കുകൾ, അനുബന്ധമായിട്ടുള്ള പട്ടികകളിൽ (പട്ടിക 1,2) ചേർക്കുന്നു.*

## പൊതു വ്യവസ്ഥകൾ

1) പരിഷ്കരിച്ച നിരക്കിന 01.11.2014 മുതൽ പ്രാബല്യമുണ്ടായിരിക്കും.
2) ഓണറേറിയം കൈപ്പറ്റുന്ന പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, എന്നിവർക്ക സ്ഥാപനത്തിന്റെ ആസ്ഥാനത്തുനിന്ന 8 കിലോമീറ്റർ വരെയുള്ള യാത്രയ്ക്ക യാത്രാബത്തയ്ക്ക അർഹതയുണ്ടായിരിക്കുന്നതല്ല.
3) ഭരണസമിതി യോഗത്തിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക യാത്രാബത്തയ്ക്ക പുറമേ സിറ്റിംഗ് ഫീസിനും അർഹതയുണ്ടായിരിക്കും.
4) വ്യാപാര ആവശ്യത്തിനായി യാത്ര ചെയ്യേണ്ടി വരുന്ന ഭരണസമിതി അംഗങ്ങൾക്ക യാത്രാബത്തക്ക പുറമേ ദിനബത്തയ്ക്കും അർഹതയുണ്ടായിരിക്കും.
5) സ്ഥാപനത്തിന്റെ വാഹനം ഉപയോഗിക്കുന്നവർക്കും സ്ഥാപനം ലഭ്യമാക്കിയിട്ടുള്ള വാഹനം ഉപയോഗിക്കുന്ന ഭരണസമിതി അംഗങ്ങൾക്കും, യാത്രാബത്തയ്ക്ക അർഹത യു

ണ്ടായിരിക്കുന്നതല്ല. ഇവർക്ക് അതാതു സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള ഇൻസിഡന്റൽ എക്സ്പെൻസിന് അർഹതയുണ്ടായിരിക്കും. (8 കിലോമീറ്ററിനു പുറത്ത് യാത്ര ചെയ്യുന്ന പക്ഷം പ്രസ്തുത തുക ഏറ്റവും കുറഞ്ഞത് പകുതി ദിനബത്തയായിരിക്കും).

6) വാഹനം അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ പ്രസിഡന്റ് ഭരണസമിതി അംഗങ്ങൾ, യാത്രയ്ക്കായി വാഹനം ഉപയോഗിക്കുന്നില്ലായെങ്കിൽ അവർക്ക് ഒന്നാംക്ളാസ്/രണ്ടാം ക്ളാസ് എ.സി.യിലുള്ള ട്രെയിൻ യാത്രാ നിരക്കോ, റോഡ് മാർഗ്ഗമാണ് യാത്രയെങ്കിൽ എക്സ്പ്രസ്/സൂപ്പർഫാസ്റ്റ് നിരക്കും അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർക്ക് ട്രെയിൻ/റോഡ് യാത്രയ്ക്കും അനുവദനീയമായ ഇൻസിഡെന്റൽ എക്സ്പെൻസിനും അർഹതയുണ്ടായിരിക്കും.

7) കേരള സർവ്വീസ് റൂളിലെ വ്യവസ്ഥക്കനുസൃതമായി ഭരണസമിതി അംഗങ്ങൾക്ക് അതാതു സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർമാർക്ക് അനുവദനീയമായ നിരക്കിലുള്ള ഹാൾട്ട് ഡി.എ.യ്ക്ക് അർഹതയുണ്ടായിരിക്കും.

8) സംസ്ഥാനത്തിന് പുറത്ത് യാത്ര ചെയ്യുന്നവർക്കുള്ള ദിനബത്ത സാധാരണ നിരക്കിലും 50% അധികമായിരിക്കും. കൂടാതെ മുറിവാടകയിനത്തിൽ അതാത് സ്ഥാപനങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുവദനീയമായ സർക്കാർ നിരക്കിലുള്ള തുകയ്ക്കും അർഹതയുണ്ടായിരിക്കും.

9) ഈ ഉത്തരവ് പ്രകാരം ഓണറേറിയം-യാത്രാബത്ത, ദിനബത്ത, സിറ്റിംഗ് ഫീസ് എന്നിവ അനുവദനീയമല്ലാത്ത വിഭാഗങ്ങളിൽപ്പെടുന്ന സംഘങ്ങൾക്ക് അവർ അപേക്ഷിക്കുന്ന മുറക്ക് സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതി, പരിഗണിച്ച് സഹകരണ സംഘം രജിസ്ട്രാർ പ്രത്യേക ഉത്തരവ് നൽകുന്നതാണ്. എന്നാൽ ഈ വിഭാഗങ്ങളിൽപ്പെടുന്ന സംഘങ്ങളുടെ ആവശ്യത്തിനായി ഏതെങ്കിലും കാരണവശാൽ ഭരണസമിതി അംഗങ്ങൾക്ക് യാത്ര ചെയ്യേണ്ടിവരുന്നപക്ഷം അവർക്ക് യഥാർഥ ബസ് യാത്രാനിരക്ക് വാങ്ങാവുന്നതാണ്.

(ഒപ്പ്)
എസ്. ലളിതാംബിക ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്

1) സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം).
2) രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി. (ഉപരിപത്രം സഹിതം).
3) ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മാനേജിംഗ് ഡയറക്ടർ, കൺകറന്റ് ആഡിറ്റർ എന്നിവർക്ക്.
4) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
5) എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർക്ക്.
6) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
7) ബന്ധപ്പെട്ട സഹ. സ്ഥാപനങ്ങൾക്ക് (അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ), മുഖാന്തിരം.
8) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
9) സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
10) എഡിറ്റർ/സഹകരണ വീഥി, സഹകരണ ജേർണൽ.
11) സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)

# അനുബന്ധം

## പട്ടിക 1

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | പ്രസിഡന്റുമാർക്കുള്ള ഓണറേറിയം | | വൈസ് പ്രസിഡന്റുമാർക്കുള്ള ഓണറേറിയം | | ദിനബത്ത | | യാത്രാബത്ത | | സിറ്റിംഗ് ഫീസ് | |
|---|---|---|---|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്കരിച്ചത് (രൂപ) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ | 7500 | 10000 | ഇല്ല | ഇല്ല | 350 | 350 | 4.00 | 4.00 | 500 | 600 |
| 2 | അർബൻ സഹകരണ ബാങ്കുകൾ (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത്) സ്പെഷ്യൽ ഗ്രേഡ് | 7500 | 10000 | 3500 | 5000 | 350 | 350 | 4.00 | 4.00 | 500 | 600 |
| | ക്ലാസ്സ് I | 6000 | 7500 | ഇല്ല | ഇല്ല | 300 | 350 | 3.00 | 4.00 | 400 | 500 |
| | ക്ലാസ്സ് II | 5000 | 6000 | ഇല്ല | ഇല്ല | 300 | 350 | 3.00 | 3.50 | 400 | 400 |
| | ക്ലാസ്സ് III | 4000 | 5000 | ഇല്ല | ഇല്ല | 250 | 300 | 3.00 | 3.50 | 350 | 350 |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
|---|---|---|---|---|---|---|---|---|---|---|---|
| | ക്ലാസ്സ IV | 4000 | 4500 | ഇല്ല | ഇല്ല | 250 | 275 | 3.00 | 3.50 | 350 | 350 |
| | ക്ലാസ്സ V | 3000 | 3000 | ഇല്ല | ഇല്ല | 250 | 275 | 3.00 | 3.50 | 350 | 350 |
| | ക്ലാസ്സ VI | 2500 | 2500 | ഇല്ല | ഇല്ല | 250 | 275 | 3.00 | 3.50 | 350 | 350 |
| 3 | പ്രാഥമിക വായ്പ സംഘങ്ങൾ കാർഷിക / കാർഷികേതര / അർബൻ സംഘങ്ങൾ / റൂറൽ ബാങ്കുകൾ, ജീവനക്കാരുടെ വായ്പ സംഘങ്ങൾ ഉൾപ്പെ ടെയും ഹൗസിംഗ് സംഘങ്ങൾ ഒഴികെയും (ചട്ടങ്ങളിലെ അനു ബന്ധം III പ്രകാരമുള്ളത്) സൂപ്പർ ഗ്രേഡ് – 200 കോടി രൂപയും അതിന മുകളിലും നിക്ഷേപമുള്ളവ | 7500 | 12000 | ഇല്ല | ഇല്ല | 350 | 400 | 3.50 | 4.00 | 500 | 600 |
| | സൂപ്പർ ഗ്രേഡ് – 200 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളവ | 7500 | 10000 | ഇല്ല | ഇല്ല | 350 | 400 | 3.50 | 4.00 | 500 | 600 |
| | സ്പെഷ്യൽ ഗ്രേഡ് | 6000 | 7500 | ഇല്ല | ഇല്ല | 350 | 400 | 3.00 | 4.00 | 400 | 500 |
| | ക്ലാസ്സ I | 5000 | 6500 | ഇല്ല | ഇല്ല | 300 | 350 | 3.00 | 3.50 | 400 | 450 |
| | ക്ലാസ്സ II | 4500 | 6000 | ഇല്ല | ഇല്ല | 300 | 350 | 3.00 | 3.50 | 350 | 400 |
| | ക്ലാസ്സ III | 4250 | 5500 | ഇല്ല | ഇല്ല | 250 | 300 | 3.00 | 3.50 | 300 | 350 |
| | ക്ലാസ്സ IV | 4000 | 5000 | ഇല്ല | ഇല്ല | 250 | 300 | 3.00 | 3.50 | 300 | 350 |
| | ക്ലാസ്സ V | 3500 | 4500 | ഇല്ല | ഇല്ല | 250 | 275 | 3.00 | 3.50 | 300 | 325 |
| | ക്ലാസ്സ VI | 3250 | 4000 | ഇല്ല | ഇല്ല | 250 | 275 | 3.00 | 3.50 | 250 | 275 |
| | ക്ലാസ്സ VII (പ്രവർത്തന മൂലധനം 25 ലക്ഷം രൂപയിൽ കുറയാതെയുള്ളവ യ്ക്ക) | 2500 | 3000 | ഇല്ല | ഇല്ല | 250 | 300 | 3.00 | 3.50 | 250 | 250 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 4 | പ്രാഥമിക ഹൗസിംഗ് സഹക രണ സംഘങ്ങൾ (ചട്ടങ്ങളിലെ അനുബന്ധം III പ്രകാരമുള്ളത്) ക്ലാസ്സ് I | 3500 | 3750 | ഇല്ല | ഇല്ല | 250 | 300 | 3.00 | 3.50 | 300 | 325 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | ക്ലാസ്സ് II | 2000 | 2250 | ഇല്ല | ഇല്ല | 250 | 300 | 3.00 | 3.50 | 250 | 300 |
| | ക്ലാസ്സ് III | 1500 | 2000 | ഇല്ല | ഇല്ല | 200 | 275 | 3.00 | 3.50 | 250 | 300 |
| | (എ)ചട്ടങ്ങളിലെ അനുബന്ധം III ൽ പെടുന്നതും 2 കോടിയിൽ കൂടുതൽ പ്രവർത്തന മൂലധനമുള്ളവ | 3000 | 3250 | ഇല്ല | ഇല്ല | 250 | 300 | 3.00 | 3.50 | 300 | 325 |
| | (ബി)5 കോടിയിൽ കൂടുതൽ പ്രവർത്തന മൂലധനമുള്ള സംഘങ്ങൾ | 4000 | 4250 | ഇല്ല | ഇല്ല | 300 | 350 | 3.00 | 3.50 | 350 | 375 |
| | (സി)10 കോടിയിൽ കൂടുതൽ പ്രവർത്തന മൂലധനമുള്ള സംഘങ്ങൾ | 4000 | 4250 | ഇല്ല | ഇല്ല | 300 | 350 | 3.00 | 3.50 | 400 | 425 |
| 5 | പ്രൈമറി മാർക്കറ്റിംഗ് & പ്രോസസിംഗ് സഹകരണ സംഘങ്ങൾ ക്ലാസ്സ് I | 3500 | 3750 | ഇല്ല | ഇല്ല | 200 | 250 | 2.00 | 2.50 | 250 | 300 |
| | ക്ലാസ്സ് II | 2000 | 2250 | ഇല്ല | ഇല്ല | 200 | 250 | 2.00 | 2.50 | 200 | 250 |
| | ക്ലാസ്സ് III | 1500 | 2000 | ഇല്ല | ഇല്ല | 200 | 250 | 2.00 | 2.50 | 200 | 225 |
| | ക്ലാസ്സ് IV വാർഷിക വിറ്റുവരവ് 10 ലക്ഷം രൂപയ്ക്ക മുകളിൽ ഉള്ളവ മാത്രം | 1000 | 1250 | ഇല്ല | ഇല്ല | 200 | 250 | 2.00 | 2.50 | 200 | 225 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | അനുബന്ധം III ൽ പെടുന്നതും (എ)വാർഷിക വിറ്റുവരവ് 10 കോടിയിൽ കൂടുതൽ ഉള്ളവ | 4000 | 4250 | ഇല്ല | ഇല്ല | 250 | 300 | 3.00 | 3.50 | 300 | 325 |
| | (ബി)വാർഷിക വിറ്റുവരവ് 25 കോടിയിൽ കൂടുതൽ ഉള്ളവ | 4000 | 4250 | ഇല്ല | ഇല്ല | 250 | 300 | 3.00 | 3.50 | 350 | 400 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | (സി)വാർഷിക വിറ്റുവരവ് 50 കോടിയിൽ കൂടുതൽ ഉള്ളവ | 4500 | 5000 | ഇല്ല | ഇല്ല | 350 | 400 | 3.00 | 3.50 | 400 | 450 |
| 6 | ജില്ലാ മൊത്ത വ്യാപാര സഹകരണസംഘങ്ങൾ | 4000 | 4500 | ഇല്ല | ഇല്ല | 225 | 250 | 3.00 | 3.50 | 250 | 300 |
| | (എ)വാർഷിക വിറ്റുവരവ് 2 കോടിയിൽ കൂടുതലുള്ളവ | 4000 | 4250 | ഇല്ല | ഇല്ല | 250 | 250 | 3.00 | 3.50 | 300 | 300 |
| 7 | വനിതാ സഹകരണ സംഘങ്ങൾ (10 ലക്ഷത്തിന മുകളിൽ പ്രവർത്തന മൂലധനമുള്ള സംഘങ്ങൾക്ക മാത്രം) | 2000 | 2250 | ഇല്ല | ഇല്ല | 200 | 250 | 3.00 | 3.00 | 200 | 250 |
| | (എ)25 ലക്ഷത്തിന മുകളിലുള്ളവ | 2500 | 2750 | ഇല്ല | ഇല്ല | 200 | 225 | 3.00 | 3.25 | 250 | 275 |
| | (ബി)75 ലക്ഷത്തിന മുകളിലുള്ളവ | 3000 | 3250 | ഇല്ല | ഇല്ല | 250 | 275 | 3.00 | 3.50 | 300 | 325 |
| 8 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോം പ്ലക്സ് & സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ക്ലിപ്തം, പരിയാരം, കണ്ണൂർ. | 10000 | 15000 | 5000 | 7500 | 400 | 400 | 4.00 | 4.00 | 500 | 600 |
| 9 | ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ | | | | | | | | | | |
| | (1) ജില്ലാ ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ | 7500 | 10000 | ഇല്ല | ഇല്ല | 300 | 350 | 3.00 | 4.00 | 400 | 500 |
| | (2) സ്പെഷ്യൽ ഗ്രേഡ് | 7500 | 8000 | ഇല്ല | ഇല്ല | 300 | 350 | 3.00 | 4.00 | 400 | 500 |
| | (3) ക്ലാസ് I | 5000 | 6000 | ഇല്ല | ഇല്ല | 300 | 350 | 3.00 | 3.50 | 350 | 400 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | (4) ക്ലാസ് II | 2000 | 3000 | ഇല്ല | ഇല്ല | 200 | 250 | 2.00 | 3.00 | 200 | 300 |

**പട്ടിക 2 (മറ്റ് സഹകരണ സംഘങ്ങൾ)**

**(വാർഷിക വിറ്റു വരവ് / പ്രവർത്തന മൂലധനം – ഇവ ബാധകമായത്**

| ക്രമ നം. | വിഭാഗം | പ്രസിഡന്റുമാർക്കുള്ള ഓണറേറിയം | | ദിനബത്ത (ഡി.എ.) | | യാത്രാബത്ത (കിലോമീറ്ററിന) | | സിറ്റിംഗ് ഫീസ് (ഒരു ദിവസത്തേയ്ക്ക) | |
|---|---|---|---|---|---|---|---|---|---|
| | | നിലവിലുള്ളത് (രൂപ) | പരിഷ്ക്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്ക്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്ക്കരിച്ചത് (രൂപ) | നിലവിലുള്ളത് (രൂപ) | പരിഷ്ക്കരിച്ചത് (രൂപ) |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | 2 കോടിയിൽ കൂടുതലുള്ളവ | 4000 | 5000 | 300 | 350 | 3.00 | 4.00 | 400 | 500 |
| 2 | 1 കോടിയിൽ കൂടുതലുള്ളവ | 3000 | 4000 | 250 | 325 | 3.00 | 4.00 | 350 | 400 |
| 3 | 50 ലക്ഷത്തിൽ കൂടുതലുള്ളവ | 2500 | 3000 | 250 | 300 | 3.00 | 4.00 | 300 | 350 |
| 4 | 25 ലക്ഷത്തിൽ കൂടുതലുള്ളവ | 2000 | 2500 | 200 | 250 | 2.00 | 2.50 | 250 | 300 |
| 5 | 10 ലക്ഷത്തിൽ കൂടുതലുള്ളവ | 1500 | 2000 | 200 | 250 | 2.00 | 2.50 | 200 | 250 |

(ഒപ്പ്)
എസ്. ലളിതാംബിക ഐ.എ.എസ്.

സഹകരണസംഘം രജിസ്ട്രാർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)